വാർത്താ പത്രിക

# സൗത്ത് ഇന്ത്യൻ മിഷനറി

വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ്

2024 ഒക്ടോബർ 31

## വൈ.എം.ഇ.എഫ്. ആരംഭം, വളർച്ച, പ്രവർത്തനരീതി

1941–കേരളത്തിലെ വേർപെട്ട ദൈവജനത്തിന്റെ ചരിത്രത്തിന്റെ ഏടുകളിൽ തങ്കലിപിയിൽ രേഖപ്പെടുത്തേണ്ട ഒരു വർഷം. ബ്രദറൺ സമൂഹത്തിലെ വിരലിൽ എണ്ണാവുന്ന യുവ സഹോദരന്മാരുടെ ഹൃദയത്തിൽ സ്വർഗ്ഗത്തിലെ ദൈവം നൽകിയ ഒരു ആലോചന സ്ഥലം സഭകളുടെ ആത്മികാഭിവൃദ്ധിയും സ്ഥലംസഭകളിൽ കൂടിയുള്ള സുവിശേഷവത്ക്കരണവും ലക്ഷ്യമാക്കി പ്രവർത്തിച്ചു വരുന്ന കൂട്ടായ്മയാണ് വൈ.എം.ഇ.എഫ്. 1941–ൽ ഔദ്യോഗികമായി ഈ പ്രസ്ഥാനത്തിന് രൂപം നൽകി.

തുടർന്നുള്ള വർഷങ്ങളിൽ ദക്ഷിണ കേരളത്തിന്റെ പ്രാന്ത പ്രദേശങ്ങളിലേക്കു ഇത് വളർന്നു പന്തലിച്ചു. ബൈബിൾ ക്യാമ്പുകൾ, സുവിശേഷ ക്യാമ്പുകൾ, പരസ്യയോഗങ്ങൾ എന്നീ പ്രവർത്തനങ്ങൾ ധാരാളമായി നടന്നു. ഇതിൽ ആകൃഷ്ടരായി സുവിശേഷ തൽപരരായ യുവ സഹോദരന്മാർ വടക്കൻ കേരളത്തിൽ നിന്നും ഇവിടെയുള്ള ക്യാമ്പുകളിൽ പങ്കെടുത്തു. അവിടെ നിന്നും ലഭിച്ച പ്രചോദനത്താൽ വടക്കൻ YMEF രൂപം കൊണ്ടു തുടർന്ന് മലബാർ, ഹൈറേഞ്ച് ഡിവിഷനുകളും ആരംഭിച്ചു.

തെക്കൻ വൈ.എം.ഇ.എഫ്. സുവിശേഷ ക്യാമ്പുകളിൽ നിന്നും 1993 ഏപ്രിൽ 13 ന് ആലപ്പുഴ ജില്ലയിലെ മുഹമ്മ സഭയുടെ സഹകരണത്തിൽ സുവിശേഷ കാമ്പയിനുകൾക്കു തുടക്കം കുറിച്ചു. അതു തെക്കൻ കേരളത്തിലെ വിവിധ ജില്ലകളിൽ തുടർമാനമായി നടന്നു കൊണ്ടിരിക്കുന്നു.

# ദക്ഷിണഭാരത ഗ്രാമ സുവിശേഷവൽക്കരണത്തിൽ 20 വർഷത്തെ ദൈവികപരിപാലനം

ദക്ഷിണഭാരത സുവിശേഷവത്കരണം എന്ന ആഗ്രഹം സഹോദരന്മാരുടെ നിരന്തര പ്രാർത്ഥനാവിഷയമായിരുന്നു. തൽഫലമായി കർത്താവിന്റെ അളവറ്റ കൃപയാൽ 1999 മാർച്ചിൽ കർണ്ണാടക സംസ്ഥാനത്തേക്കുള്ള ആദ്യ ടീം പുറപ്പെട്ടു. 1999 മുതൽ 2008 വരെയുള്ള കാലയളവിൽ കർണ്ണാടകയിൽ ഉണ്ടായിരുന്ന 28 ജില്ലകളിൽ 14 ൽ സുവിശേഷം അറിയിക്കുവാൻ ഇടയായി.

അന്നത്തെ കർണ്ണാടകയിലെ ഗ്രാമങ്ങളെപ്പറ്റി ഒരു വാക്ക്. യേശുക്രിസ്തു എന്ന പേര് ഒരിക്കൽ പോലും കേട്ടിട്ടില്ലാത്ത ജനം..... സാംസ്കാരിക വിദ്യാഭ്യാസ നിലവാരത്തിൽ മറ്റു പല സംസ്ഥാനങ്ങളിൽ നിന്നും പിൻനിരയിൽ, എന്നാൽ കർത്താവ് ലോകത്തെ സ്നേഹിച്ചു. അർത്ഥാൽ കർണ്ണാടകയിലെ ഈ ജനത്തെയും സ്നേഹിച്ചു, സ്നേഹിക്കുന്നു. ഈ യാഥാർത്ഥ്യം ഉൾകൊണ്ട് കർത്താവ് നൽകിയ പരിശുദ്ധാത്മ ശക്തിയാൽ ആയിരക്കണക്കിന് ഭവനങ്ങളിൽ സുവിശേഷം എത്തിച്ചു. പ്രശ്നങ്ങൾ, പ്രതികൂലങ്ങൾ, എതിർപ്പുകൾ ഇവയൊക്കെ ധാരാളം ഉണ്ടായിക്കൊണ്ടിരുന്നെങ്കിലും പ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തവർ വളരെ ഉത്സാഹത്തോടെ ശുശ്രൂഷയിൽ തുടർന്നു. എന്നാൽ 2008–ൽ ഒറീസ്സായിൽ ഉണ്ടായ ചില സംഭവത്തോടനുബന്ധമായി ടീമിന്റെയും, വാഹനത്തിന്റെയും ഫോട്ടോകൾ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതിനാൽ ടീമംഗങ്ങൾക്കു പുറത്തിറങ്ങുവാൻ പോലും കഴിയാത്ത സാഹചര്യം ഉണ്ടായി. താൽകാലികമായി കർണ്ണാടക കാമ്പയിൻ നിറുത്തിവച്ചു. തുടർന്ന് ടീം തമിഴ്നാട് ഈറോഡിലേക്ക് മാറി പ്രവർത്തനം ആരംഭിച്ചു.

## വീണ്ടും കർണ്ണാടകയിൽ

2011 മുതൽ വീണ്ടും കർണ്ണാടകയിൽ തമിഴ്നാട്ടിലെ ശുശ്രൂഷയോടൊപ്പം കർണ്ണാടകയിലെ റയ്ച്ചൂർ കേന്ദ്രീകരിച്ച് പ്രവർത്തനവും അനുധാവന പ്രവർത്തനവും പുനരാരംഭിച്ചു. തുടർന്നു ചാംരാജ് നഗർ ജില്ലയിലും കാമ്പയിൻ തുടർന്നു.

*ശേഷം 2–ാം പേജിൽ*



*വൈ. എം. ഇ. എഫ്. നിർമ്മിച്ച ഷാപൂരിലെ സഭാഹാൾ*

## എഡിറ്റോറിയൽ

# ആർക്കും ചെയ്യാവുന്ന മാന്യമായ ജോലി

സുവിശേഷം അറിയിക്കുക എന്നുള്ളത് രക്ഷിക്കപ്പെട്ട ഏതൊരു വിശ്വാസിയുടെയും ഉത്തരവാദിത്വമാണ്. നമ്മെ നിത്യനരകത്തിൽ നിന്നും പാപത്തിന്റെ ശിക്ഷയിൽ നിന്നും സാത്താന്റെ അടിമത്വത്തിൽ നിന്നും വിടുവിച്ച് നിത്യരാജ്യത്തിന്റെ അവകാശികളാക്കിത്തീർത്ത കർത്താവിനെ മറ്റുള്ളവരോടു സാക്ഷിച്ചില്ലെ ങ്കിൽ നമ്മുടെ ജീവിതം കൊണ്ട് എന്തു പ്രയോജനം സുവിശേഷം അറിയിക്കാതിരുന്നാൽ അതു പാപമാണ് (1 കൊരിന്ത്യർ 9 : 16).

എനിക്കു കഴിവില്ലല്ലോ, ദൈവവചനത്തിൽ പാണ്ഡിത്യമില്ലല്ലോ. ബൈബിൾ കോളേജിലെ ഡിഗ്രി ഇല്ലല്ലോ എന്ന് ആരും പറയരുത്. പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക റോമർ 1 : 15 എന്നാൽ ആവോളം നമ്മുടെ കഴിവല്ല നമ്മുടെ ഈ കാര്യത്തിലുള്ള ആഗ്രഹം, ഭാരം എത്രമാത്രം എന്നുള്ളതാണ് വിഷയം. പൂർണ്ണസമയ സുവിശേഷകൻമാർക്കു മാത്രം പറഞ്ഞിട്ടുള്ള ജോലിയല്ല ഇത്. ജോലി ചെയ്യുന്നവർക്കും പഠിക്കുന്ന കുഞ്ഞുങ്ങൾ ക്കും വീട്ടമ്മമാർക്കും ചെയ്യാവുന്ന ജോലി. പ്രതിഫലമുള്ള ജോലിയാണ്.

വിവിധ നിലയിൽ സുവിശേഷീകരണത്തിൽ നമ്മുടെ പങ്കുവഹിക്കാൻ സാധിക്കും. നാം തന്നെ സുവിശേഷം മറ്റുള്ളവരോട് അറിയിക്കുന്നതിലൂടെ, സുവിശേഷ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുന്നതിലൂടെ സാമ്പത്തിക സഹകരണം കാണിക്കുന്നതിലൂടെ, സുവിശേഷം അറി യിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഏതൊരു വിശ്വാസിക്കും ഈ മഹത്വമാർന്ന വേലയിൽ ഒരു പങ്കു വഹിക്കാം. ദൈവം നമ്മെ സഹായിക്കട്ടെ.

▶▶1-ാം പേജ് തുടർച്ച

# വീണ്ടും കർണ്ണാടകയിൽ

1999 മുതൽ കർണ്ണാടകയിൽ പ്രവർത്തിച്ച എല്ലാ സ്ഥലങ്ങളിലും നിലനിൽക്കുന്ന ഫലങ്ങളെ നൽകുവാൻ ഈ ശുശ്രൂഷയ്ക്ക് നിയോഗിച്ച യജമാനന് പ്രസാദമായി. ബാംഗ്ലൂർ റൂറൽ ജില്ലയിലെ നെലമംഗലയിലും തുടർന്ന് ഇപ്പോൾ പുതുതായി രൂപം കൊണ്ട യാദ്ഗിരി ജില്ലയിൽ യാദ് ഗിരിയിലും പുതിയ കൂടിവരവുകൾ ആരംഭിക്കുവാൻ കർത്താവ് കൃപ ചെയ്തു. ഈ പ്രവർത്തനങ്ങളിൽ ടീമിൽ പ്രവർത്തിച്ചിരുന്ന ചില കർണ്ണാടകയിലെ സുവിശേഷകന്മാരുടെ പേരുകൾ ഗർശോം, പ്രവീൺ, വിരുപക്ഷ, സുരേഷ്.

ടീം പ്രവർത്തനത്തിൽ നിന്നും പ്രചോദനം ലഭിച്ച് B.B.I. യിലെ വിദ്യാഭ്യാസത്തിനുശേഷം കർത്താവിന്റെ വേലയിലായിരുന്ന ഹോസ്ക്കോട്ടെയിലെ സാം, ഷാപ്പൂരിലെ അരുൺ ഇവരെ കൂടാതെ ചില പേരുകൾ കൂടി ചേർക്കുന്നു. തുംകൂറിലെ എ.ജി. ജോയിക്കുട്ടി, ബാംഗ്ലൂരിലെ സത്യനന്ദ, റെയ്ച്ചൂരിലെ എ. ജോസഫ്, ബീദറിലെ സ്റ്റിവൻസൺ, കൊള്ളിഗലിലെ സുന്ദർരാജ്, ആൽബർട്ട് ആനന്ദ് രാജ്, ഇനിയും ധാരാളം സഹോദരന്മാർ....

തമിഴ്നാട്ടിൽ ആദ്യം ഓർക്കുന്ന പേര് ജെ. ബാബു ഈറോഡ് ആണ്. ഈ സഹോദരനെ കർത്താവ് വളരെ കൃപ നൽകി സഹായിച്ചു. പീറ്റർ, അർജുൻ, സെൽവരാജ്, ശരവണൻ, ജോബെയ, ബൽത്സസ്സർ, സ്റ്റാൻലി, ഇവരെക്കൂടാതെ അനേകർ.....

പോണ്ടിച്ചേരിയിൽ ഡോ. തമിഴ് സെൽവം, ജോസഫ് ഡാനിയേൽ. കേരളത്തിൽ നിന്നും നീണ്ട ഒരു ലിസ്റ്റുള്ളതിനാൽ പേരുകൾ ചേർക്കുന്നത് വിസ്താര ഭയത്തെ ഭയന്നു ഉപേക്ഷിക്കുന്നു. കർത്താവിനെ സ്നേഹിച്ചുകൊണ്ട് കർത്തൃശുശ്രൂഷയിൽ എല്ലാ സഹോദരന്മാരെയും സ്വർഗ്ഗത്തിലെ ദൈവം ആദരിക്കട്ടെ.

### *സഭാഹാൾ നിർമ്മാണം.*

റെയ്ച്ചൂർ ജില്ലയിലെ മണ്ഡലഗിരിയിലും ഇപ്പോഴത്തെ യാദ്ഗിരി ജില്ലയിലെ ഷാപ്പൂരിലെയും സ്ഥലം സഭകളുടെ നിർമ്മാണം YMEF (SD) ന്റെ നേരിട്ടുള്ള ചുമതലയിൽ നടന്നു. ഇതേ ജില്ലയിലെ കാദംഗിരി എന്ന സ്ഥലത്തു പുതിയ ഹാൾ പണിയുവാനുള്ള സ്ഥലം വാങ്ങുവാനും അതിന്റെ പണി അധികം താമസിക്കാതെ തുടങ്ങുവാനുമുള്ള സാമ്പത്തിക ക്രമീകരണം കർത്താവ് ഉദ്യമിപ്പിച്ച ചില സഹോദരന്മാരിൽ കൂടി ദൈവത്മാവ് ഇടയാക്കിക്കൊണ്ടിരിക്കുന്നു.

### *ഷാപ്പൂർ സ്ഥലംസഭ*

ഈ സഭയുടെ ചുമതലയിലാണ് യാദ്ഗിരിയിലെയും കാദംഗിരിയിലെയും പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. ഈ സ്ഥലം സഭയിൽ നിന്നും ഉള്ള സഹോദരന്മാർ കൈകോർത്തു പിടിച്ച് ഈ ശുശ്രൂഷകളിൽ മുന്നേറുന്നു കേരളത്തിൽ നിന്നുമുള്ള പല സഹോദരന്മാർ സ്വമനസ്സിലെ ഈ പ്രവർത്തനങ്ങളിൽ കടന്നു പോയി ഇന്നും സഹകരിച്ചു വരുന്നു.

ഒറ്റവാക്കിൽ :- തിരിഞ്ഞു നോക്കി കർത്താവിനു സർവ്വ മഹത്വവും അർപ്പിക്കുന്നു. നാം ചെയ്യുന്ന വേലകൾ കർത്താവിന്റെ ഹിതത്തിൽ പർവ്വതത്തിൽ കാണിച്ച മാതൃകപ്രകാരമെങ്കിൽ ഫലം സുനിശ്ചിതം, കർണ്ണാടക, തമിഴ്നാട്, പോണ്ടിച്ചേരി, കേരളത്തിൽ കാമ്പയിനുകൾ നടന്ന സ്ഥലങ്ങൾ ഇവയെല്ലാം അതിന്റെ വ്യക്തമായ തെളിവുകളാണ്. തുടർന്നും മഹാരാജാവിന്റെ വേലയിൽ അവിടത്തെ ഹിതപ്രകാരവും വചനം അനുസ്മരിച്ചും മുന്നേറുവാൻ ഇടയായാൽ......

# സുവിശേഷ പ്രവർത്തകരെ മാടിവിളിക്കുന്ന ഈറോഡ്

2008 കർണാടകത്തിൽ പ്രതികൂലങ്ങൾ ഉണ്ടായപ്പോൾ താൽക്കാലികമായി പ്രവർത്തനം ഈ റോഡിലേക്ക് മാറ്റിയ വിവരം സൂചിപ്പിച്ചിരുന്നല്ലോ. 2008 – 2010 കാലയളവിൽ ഈറോഡ് സഭയോട് ചേർന്ന് വളരെ അനുഗ്രഹിക്കപ്പെട്ട നിലയിൽ പ്രവർത്തിക്കുവാൻ കർത്താവ് കൃപ ചെയ്തു. ഈ കാലയളവിൽ ടീം അംഗങ്ങൾക്കു മൊത്തത്തിൽ വളരെ ഗുരുതരമായ നിലയിൽ, എന്നു പറഞ്ഞാൽ മരണത്തോളം എത്തത്തക്ക കൊടിയ മർദനവും ഉപദ്രവവും ഏറ്റു. വാഹനത്തിനും ക്ഷതമേറ്റു.

എന്തിനാണ് ഈ നിലയിൽ ഉള്ള കഷ്ടം അനുഭവിച്ചത്? എന്തെങ്കിലും തെറ്റു ചെയ്തിട്ടാണോ? അല്ല. ദൈവസ്നേഹം മറ്റുള്ളവർക്ക് പകർന്നുകൊടുത്തതുകൊണ്ടുമാത്രം!! സഹോദരങ്ങൾക്ക് ആകെ നിരാശയും നിരുത്സാഹവും തോന്നിയ നിമിഷങ്ങളായിരുന്നു അത്. എന്നാൽ തക്ക സമയത്ത് കർത്താവിന്റെ കരുതലും പരിപാലനവും അനുഭവിക്കുവാൻ സാധിച്ചു എന്നുള്ളത് നന്ദിയോടെ സ്മരിക്കുന്നു. തളരാതെ മുൻപോട്ടു പോകുവാൻ മാത്രമല്ല ഏറ്റവും ഭംഗിയായ നിലയിൽ ഈറോഡിലെ പ്രവർത്തനം പൂർത്തീകരിക്കുവാൻ സർവ്വശക്തൻ കൃപ ചെയ്തു.

ഈറോഡിന് ചുറ്റുപാടുമുള്ള മിക്കവാറും ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുവാൻ ദൈവം സഹായിച്ചു. തുടർന്നുള്ള ഗ്രാമങ്ങൾ 100 കിലോമീറ്ററിൽ അധികം യാത്ര ചെയ്തു പോകേണ്ട ദൂരത്ത് ആയതുകൊണ്ട് പ്രവർത്തനം കഴിഞ്ഞ് വൈകുന്നേരം തിരിച്ചെത്തുക പ്രയാസമാണ്. കർണാടകത്തിലെ സ്ഥിതിഗതികൾ അനുകൂലം ആവുകയും ചെയ്തു. അതുകൊണ്ടാണ് കർത്താവിന്റെ ഇഷ്ടപ്രകാരം ഈറോഡിലെ പ്രവർത്തനം നിർത്തിയിട്ട് വീണ്ടും കർണാടകയിലേക്ക് പോയത്.

ഈറോഡിൽ പ്രവർത്തനം കഴിഞ്ഞു കർണ്ണാടകത്തിലേക്കു പോയി എങ്കിലും അനുധാവനപ്രവർത്തനത്തിനായി ഇടയ്ക്ക് കടന്നു വരണം എന്ന ഈറോഡ് സഭയുടെയും സഹോദരന്മാരുടെയും ആഗ്രഹമനുസരിച്ചു രണ്ടുമാസം കൂടിയിരിക്കുമ്പോൾ ഒരാഴ്ച വീതം ഈറോഡിന്റെ ചുറ്റുപാടുമുള്ള, തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളിൽ പ്രവർത്തനം നടത്താൻ കർത്താവു കൃപ നൽകി. കോയമ്പത്തൂർ, ഗുഡല്ലൂർ, പന്തലൂർ , നാടുക്കാണി, ആത്തൂർ, കള്ളക്കുറിച്ചി, വാൾപാറ, രാശിപുരം എന്നീ മേഖലകളിലായിരുന്നു ആ പ്രവർത്തനങ്ങൾ.

# മദ്യത്തിൽ നിന്നും മുക്തി ആഗ്രഹിക്കുന്ന പോണ്ടിച്ചേരി

2012 ഡിസംബർ 05 നു പോണ്ടിച്ചേരിയിൽ കൂടിയ വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷന്റെയും, പോണ്ടിച്ചേരിയിലെയും തമിഴ്നാട്ടിലെയും വിവിധ സഭകളിലെ സഹോദരന്മാരുടെയും യോഗത്തിലാണ് ദൈവകൃപയിൽ ആശ്രയിച്ചു പോണ്ടിച്ചേരിയിൽ പ്രവർത്തിക്കാനുള്ള തീരുമാനം ഉറപ്പിച്ചത്.കേന്ദ്രഭരണ പ്രദേശമെന്ന നിലയിൽ പ്രതിശീർഷവരുമാനം കൂടുതലുള്ള പോണ്ടിച്ചേരിയിൽ എവിടെ നോക്കിയാലും, നമ്മുടെ നാട്ടിലെ ചെറിയ സൂപ്പർമാർക്കറ്റുകൾപോലെ ഓരോ മുക്കിനും മൂലയ്ക്കും മദ്യഷാപ്പുകൾ ആണ്. മദ്യത്തിന്റെ ആസക്തിയിലും അന്ധകാരത്തിലും കഴിയുന്ന എത്രയോ ആയിരങ്ങൾ നരകത്തിലേക്ക് ഒഴുകുന്ന കാഴ്ചയാണ് പോണ്ടിച്ചേരിയിലും സമീപഗ്രാമങ്ങളിലും കാണാൻ കഴിയുന്നത്? പോണ്ടിച്ചേരി, കടലൂർ മുതലായ സ്ഥലങ്ങളിൽ നമുക്ക് എത്തിച്ചേരാവുന്ന ഗ്രാമങ്ങളിൽ സുവിശേഷം എത്തിച്ചു. ദൈവേഷ്ടം അനുസരിച്ചു കാമ്പയിൻ തമിഴ്നാട്ടിലെ ചിന്നസേലത്തേക്കു മാറ്റി.

# വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ

പ്രവർത്തന സൗകര്യത്തിനായി വൈ.എം.ഇ. എഫ്. സൗത്ത് ഡിവിഷൻ 10 സെന്ററുകൾ ആയി വിഭജിച്ചിരിക്കുന്നു. തിരുവനന്തപുരം മുതൽ കോട്ടയം വരെയുള്ള സ്ഥലങ്ങളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചാണ് വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ പ്രവർത്തിക്കുന്നത്. കേരളത്തിലും കേരളത്തിനു പുറത്തും പ്രവർത്തനങ്ങളുടെ സൗകര്യത്തിനും കൂടുതൽ സ്വതന്ത്രമായ നടത്തിപ്പിനുമായി സൗത്ത് ഡിവിഷൻ ഒരു ചാരിറ്റബിൾ ട്രസ്റ്റ് ആയി രജിസ്റ്റർ ചെയ്തു.

# കേരളത്തിലും സജീവം

കേരളത്തിനുപുറത്തു പ്രവർത്തനങ്ങളും ഫോളോ അപ്പ് പ്രവർത്തനങ്ങളും ഭംഗിയായി നടക്കുന്നതോടൊപ്പം കേരളത്തിലെ പ്രവർത്തനങ്ങളും അനുഗ്രഹമായി തുടരുവാൻ ദൈവം കൃപ ചെയ്തുകൊണ്ടിരിക്കുന്നു, ഏതെങ്കിലും ഒരു സ്ഥലം കേന്ദ്രീകരിച്ച് അവിടെയുള്ള സ്ഥലംസഭയുടെ സഹകരണത്തിൽ ത്രിദിന സുവിശേഷ ക്യാമ്പ് ആണ് കേരളത്തിലെ പ്രധാന പ്രവർത്തനം, ഭവനസന്ദർശനം പരസ്യയോഗം വചന ധ്യാനം ബൈബിൾ ക്ലാസ് ഇവയാണ് ക്യാമ്പുകളിലെ പ്രധാന പരിപാടികൾ. ഈ ക്യാമ്പുകൾ നടത്തപ്പെട്ട സ്ഥലങ്ങളിൽ ഉള്ള ഉത്തരവാദപ്പെട്ട സഹോദരന്മാർ ഫോളോ അപ്പ് നടത്തിവരുന്നു.

കോവിഡിനുശേഷം കോട്ടയം-പറുതലമറ്റം, പത്തനംതിട്ട-സീതത്തോട്, റാന്നി-കനകപ്പലം, കോട്ടയം-അ രീപ്പറമ്പ്, അടൂർ-പരുത്തപ്പാറ എന്നീ സ്ഥലങ്ങളിൽ സുവിശേഷക്യാമ്പുകൾ നടത്താൻ ദൈവം കൃപ നൽകി.

### കാമ്പയ്ൻ പ്രവർത്തനങ്ങൾ :

തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ രണ്ട് മേഖലകളിൽ കാമ്പയ്ൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരള - തമിഴ്നാട് അതിർത്തി പഞ്ചായത്തുകളായ കാരോട്, കുളത്തൂർ, പാറശ്ശാല, വെള്ളറട, അമ്പൂരി, പള്ളിച്ചൽ, തിരുപുറം, അതിയന്നൂർ, പൂവ്വാർ എന്നീ പഞ്ചായത്തുകളിലെ എല്ലാ ഭവനങ്ങളിലും സുവിശേഷം എത്തിപ്പാൻ ദൈവം കൃപ നൽകി. പൂവ്വാർ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചുകൊിരിക്കുന്നു.

മറ്റൊരു ടീം വെഞ്ഞാറമൂട്, പോത്തൻകോട്, ആറ്റിങ്ങൽ എന്നീ സ്ഥലങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഏകദിന സമ്മേളനങ്ങളാണ് സൗത്ത് ഡിവിഷന്റെ കേരളത്തിലെ മറ്റൊരു പരിപാടി. ബൈബിൾ പഠന ക്ലാസുകൾ ആണ് ഈ സമ്മേളനങ്ങളിലെ മുഖ്യ ഇനം.

കേരളത്തിലെയും കേരളത്തിന് പുറത്തെയും പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി രണ്ടുമാസത്തിലൊരിക്കൽ സഹോദരന്മാർ പ്രാർത്ഥനയ്ക്കായി കൂടി വരുന്നു.

# തമിഴ്നാട്ടിൽ സത്യ സുവിശേഷം

ദൈവത്തിന്റെ അളവറ്റ കൃപ ധാരാളം അനുഭവിക്കുവാൻ ചിന്ന സേലത്തെ പ്രവർത്തനത്തിലും സാധിച്ചു.തുടർന്നു മേഘം ഉയർന്നതനുസരിച്ച് നിലക്കൊട്ടയിലേക്ക് മാറി. 2015 അവസാനം വരെ നിലക്കൊട്ടയിലും കൊടൈക്കനാലിലും പരിസരപ്രദേശങ്ങളിലും പ്രവർത്തിച്ചു. ദൈവഹിതം വീണ്ടും വെളിപ്പെട്ടതിനാൽ 2015 അവസാനത്തോടെ തിരുവനന്തപുരത്തിന്റെയും കന്യാകുമാരിയുടെയും അതിർത്തിപ്രദേശമായ കുന്നത്തുകാൽ എത്തി. കുന്നത്തുകാലിൽ താമസിച്ച് കന്യാകുമാരി ജില്ലയിലെ ഇടയ്ക്കോട്, മഞ്ഞാലുംമൂട്, മൊഴുക്കോട്, തളിയൽ, കളിയിക്കാവിള, മാർത്താണ്ഡം, കുഴിത്തുറ മുതലായ സ്ഥലങ്ങളിലെല്ലാം ഭവനങ്ങൾ സന്ദർശിച്ച് സത്യ സുവിശേഷം അറിയിച്ചശേഷം ഇപ്പോൾ ടീം നെയ്യാറ്റിൻകരയിൽ ആണുള്ളത്.

കർണാടകത്തിലേതിനു സമാനമായ അതായത് അമ്പതും നൂറും വർഷം പിന്നിലുള്ള ഗ്രാമങ്ങൾ ചിന്നസേലത്തും ആത്തൂരും കള്ളകുറിച്ചിയിലും നിലക്കോട്ടയിലും ഒക്കെ കാണാൻ കഴിഞ്ഞെങ്കിൽ തിരുവനന്തപുരം കന്യാകുമാരി പ്രദേശങ്ങളിൽ ദുരുപദേശക്കാരായ സുവിശേഷവിഹിത വിവിധ വിഭാഗങ്ങളെ ധാരാളമായി കാണുവാൻ കഴിഞ്ഞു. അതുകൊണ്ട് തമിഴ്നാടിന്റെ ആവശ്യകത എന്നുള്ളത് സുവിശേഷം അറിയിക്കുന്നതോടൊപ്പം തന്നെ സത്യ ഉപദേശം പഠിപ്പിച്ചു കൊടുക്കണം എന്നുള്ളതാണ്. ടീമിൽ സ്ഥിരമായി താമസിച്ചു പ്രവർത്തിക്കുന്ന സഹോദരന്മാരോട് ചേർന്ന് തിരുവനന്തപുരം പ്രദേശത്തെ സഹോദരന്മാർ വളരെ ഉത്സാഹത്തോടെ ഈ കാര്യത്തിൽ പ്രവർത്തിച്ചുവരുന്നു. കർത്താവ് ഫലം തരേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം.

# സാമ്പത്തികം

വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ പ്രവർത്തനങ്ങൾക്ക് സ്ഥലംസഭകളുടെയും സഹോദരീ സഹോദരന്മാരുടെയും പ്രാർത്ഥനയും കൈത്താങ്ങലും കൊണ്ടാണ് സാമ്പത്തിക കാര്യങ്ങൾ നിറവേറി പോരുന്നത്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽ നടക്കുന്ന രണ്ട് കാമ്പയ്ൻ പ്രവർത്തനങ്ങൾക്കു മാത്രം ഒരു മാസം ഉദ്ദേശം 1 ലക്ഷം രൂപയിൽ അധികം ചെലവ് വരുന്നുണ്ട്. ഇവ കൂടാതെ സുവിശേഷ ക്യാമ്പ്, അനുധാവന പ്രവർത്തനങ്ങൾ എന്നിവയ്ക്കും സാമ്പത്തിക ആവശ്യങ്ങൾ വളരെയാണ്. കഴിഞ്ഞ നാളുകളിൽ ഈ വിഷയത്തിൽ സഹകരിച്ച എല്ലാ പ്രിയപ്പെട്ടവർക്കും കർത്തൃനാമത്തിൽ നന്ദി അറിയിക്കുന്നു. തുടർന്നും ഈ വിഷയത്തെ ഓർത്ത് പ്രാർത്ഥിക്കുകയും സാമ്പത്തിക ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു.

ACCOUNT DETAILS
**YOUNG MENS EVANGELICAL FESSOWSHIP**
CATHOLIC SYRIAN BANK
PATHANAMTHITTA
IFSCCODE : CSBK0000165
A/C NO. 016501308247190001

### പ്രധാന ചുമതല വഹിക്കുന്നവർ

**ജേക്കബ് പി. മാത്യു**
(കൊട്ടാരക്കര)
പ്രസിഡന്റ് 9847000691

**വി.കെ. ജോയികുമാർ**
(നെയ്യാറ്റിൻകര
സെക്രട്ടറി 9446022942

*സാമ്പത്തിക കൂട്ടായ്മ അയക്കേണ്ട വിലാസം:*

**ജോൺ ഫിലിപ്പ്**
(ട്രഷറർ, വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ)അയിരൂക്കുഴിയിൽ,
കുമ്പഴ പി.ഒ.
പത്തനംതിട്ട - 689 653
മൊബൈൽ - 8547651843